# നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം



'അവൻ (യേശുക്രിസ്തു)
സകല മനുഷ്യരും
രക്ഷപ്രാപിക്കുവാനും
സത്യത്തിന്റെ പരിജ്ഞാനത്തിൽ
എത്തുവാനും ഇച്ഛിക്കുന്നു.'
1 തിമൊ. 2:4

വി. പി. പൗലോസ്

മണ്ണൂർ സഭയുടെ പ്രസിദ്ധീകരണം

# നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം

ദൈവത്തെ സംബന്ധിച്ചു തികച്ചും വ്യത്യസ്തങ്ങളായ ഒട്ടനവധി ധാരണകൾ മനുഷ്യനുണ്ട്. ഇത്രത്തോളം അഭിപ്രായ ഭേദങ്ങളുള്ള മറ്റൊരു വിഷയം ഉണ്ടെന്നു തോന്നുന്നില്ല.

ദൈവത്തെപ്പറ്റിയുള്ള മനുഷ്യന്റെ ധാരണകൾ സത്യമാകണമെങ്കിൽ ആ ധാരണ ദൈവിക വെളിപ്പാടുകളിൽ അധിഷ്ഠിതമായിരിക്കണം. മനുഷ്യന്റെ ജ്ഞാനത്താലുള്ള അനുമാനങ്ങൾക്കൊണ്ടു ദൈവികമർമ്മങ്ങൾ കണ്ടെത്താനാകയില്ല. ദൈവം തന്നെത്താൻ വെളിപ്പെടുത്തിത്തരാതെ നമുക്കു ദൈവത്തെ അറിയാനോ ദൈവത്തെപ്പറ്റി ഗ്രഹിക്കാനോ കഴികയില്ല എന്ന് അറിയാൻ വളരെ ജ്ഞാനം ഒന്നും ആവശ്യമായിരിക്കുന്നില്ല.

ദൈവവചനം ആയ ബൈബിൾ ഏകസത്യദൈവത്തെ സംബന്ധിച്ച വസ്തുതകൾ നമ്മെ അറിയിക്കുന്നു. ദൈവം കാലാകാലങ്ങളിൽ തന്റെ ഭക്തന്മാർക്കു വെളിപ്പെടുത്തിക്കൊടുത്ത് അവരെക്കൊണ്ട് എഴുതിച്ചുതന്നതാണു സത്യവേദപുസ്തകം. അതിനാൽ ബൈബിളിൽനിന്നും ദൈവത്തെപ്പറ്റിയും നമ്മെക്കുറിച്ചുമുള്ള ദൈവത്തിന്റെ ഇഷ്ടം എന്താണ് എന്നും നമുക്കു ഗ്രഹിക്കാൻ കഴിയും.

ദൈവം സർവശക്തനും സർവജ്ഞാനിയും ആണ്. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് മറ്റു സൃഷ്ടികളെക്കാൾ ശ്രേഷ്ഠമായിട്ടാണ്. മനുഷ്യനെ തന്റെ സ്വന്ത സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു എന്നു ബൈബിൾ വെളിപ്പെടുത്തുന്നു. അതിനാൽ മനുഷ്യനു ദൈവത്തെയും ദൈവസ്വഭാവത്തെയും അറിഞ്ഞു പ്രതികരിക്കാനും അതിൻപ്രകാരം ജീവിക്കുന്നതിനുമുള്ള കഴിവുണ്ട്. ദൈവദൃഷ്ടിയിൽ ഒരു മനുഷ്യനു

സർവലോകത്തെക്കാളും വിലയുണ്ട് (മർക്കൊസ് 8:36). അതു മാത്രവുമല്ല, മാതാപിതാക്കൾ മക്കളെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ ദൈവം തന്റെ സൃഷ്ടിയായ മനുഷ്യരെ സ്നേഹിക്കയും അവർക്കായി കരുതുകയും ചെയ്യുന്നു.

നമ്മുടെ സ്രഷ്ടാവാം ദൈവം നമ്മെക്കുറിച്ച് ഏതു വിധത്തിലുള്ള ജീവിതം ആഗ്രഹിക്കുന്നു എന്നു തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട്. അവ അറിഞ്ഞ് ദൈവേഷ്ടം നമ്മിൽ നിറവേറുന്നതിനു നമ്മെത്തന്നെ വിധേയപ്പെടുത്തുക എന്നതു നമ്മുടെ കടമയും അതിനാൽ ഉണ്ടാകാവുന്ന നേട്ടങ്ങൾ അനവധിയും ആണ്. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന രണ്ടു പ്രധാന കാര്യങ്ങൾ ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കാം.

## 1. നാം രക്ഷ പ്രാപിക്കണം

### രക്ഷിതാവ്

എല്ലാ മനുഷ്യരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അരക്ഷിതാവസ്ഥയിലാണ് എന്നു പറയാം. ഇത്തരം അരക്ഷിതാവസ്ഥകളുടെ എല്ലാം അടിസ്ഥാനം മനുഷ്യൻ പാപിയാണ് എന്നതത്രേ. അതിനാലുള്ള ദോഷങ്ങളിൽ വലിയത് മരണാനന്തരജീവിതം സംബന്ധിച്ചിട്ടുള്ളതും ആണ്. ഈ അപകടം സംബന്ധിച്ചുള്ളതെല്ലാം നാം അറിയുന്നില്ല. എന്നാൽ അവയുടെ ഗുരുതരാവസ്ഥ അറിയുന്നവനായ ദൈവം അതിൽ നിന്നും നമ്മെ വിടുവിക്കാനായി അയച്ചിട്ട് ലോകത്തിൽ വന്ന രക്ഷിതാവാണു കർത്താവായ യേശുക്രിസ്തു. ക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ ദൈവദൂതൻ പറഞ്ഞ സന്ദേശം ഇതായിരുന്നു: “കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു” (ലൂക്കൊസ് 2:11). ഭൂമിയിൽ രക്ഷിതാവായി ജനിച്ചവൻ യേശുക്രിസ്തു മാത്രം ആകുന്നു.

## പാപിയായ മനുഷ്യൻ

യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പായി മറിയമിനും യോസേഫിനും ലഭിച്ച ദൈവികനിർദ്ദേശം ഇതായിരുന്നു: ‘‘അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവനു യേശു എന്നു പേർ ഇടണം” (മത്തായി 1:21).

മനുഷ്യന്റെ എല്ലാവിധ അരക്ഷിതാവസ്ഥയ്ക്കും കാരണം പാപം അത്രേ. പാപത്തിൽ വീഴുന്നതിനു മുമ്പുള്ള അവരുടെ ജീവിതം എത്രയും അനുഗ്രഹിക്കപ്പെട്ട ഒന്നായിരുന്നു. അവരുടെ കുടുംബജീവിതം എത്രയും സന്തോഷപ്രദം ആയിരുന്നു (ഉല്പത്തി 2:23). എന്നാൽ മനുഷ്യൻ ദൈവകല്പന ലംഘിച്ചു പാപിയായതോടെ പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ മുങ്ങിത്താഴാൻ തുടങ്ങി. അന്നുമുതൽ തങ്ങളുടെ ദോഷങ്ങൾക്ക് മറ്റു ജീവിതപങ്കാളികളെ കുറ്റം ചാരാൻ തുടങ്ങി (ഉല്പത്തി 3:12). അങ്ങനെ അസമാധാനത്തിന്റെ അപശബ്ദങ്ങൾ ആ കുടുംബത്തിൽനിന്നും അലയടിച്ചുയരാൻ തുടങ്ങി.

ദൈവികജീവനിൽ പ്രമോദിച്ചിരുന്ന മനുഷ്യൻ സ്വന്ത പാപം നിമിത്തം മരണത്തിനധീനനായിത്തീരുന്നു. വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ചപ്പോൾത്തന്നെ “തിന്നുന്ന നാളിൽ നീ മരിക്കും” എന്നു ദൈവം അവരോടു പറഞ്ഞിരുന്നതു നിവൃത്തിയായി. ആദാം-ഹവ്വമാർ ആത്മികമായി അപ്പോൾത്തന്നെ മരിച്ചു; ദൈവികബന്ധം തകർന്നു പാപം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റി. അന്നുമുതൽ ശാരീരികമരണഭയം അവരിൽ വാഴാൻ തുടങ്ങി.

പാപത്താൽ മനുഷ്യനുണ്ടായ ദോഷം കേവലം ശാരീരികമരണം മാത്രമായിരുന്നില്ല. ആത്മികമരണത്തിന്റെ അന്തമായി ഏറ്റവും ഭീകരമായ രണ്ടാം മരണത്തിനു വിധിക്കപ്പെട്ടവനും ആയിത്തീർന്നു. “എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കുപറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം” (വെളി. 21:8).

പാപിയായ മനുഷ്യൻ തന്റെ ഈ ലോകജീവിതത്തിൽത്തന്നെ ഒട്ടനവധി ദോഷഫലങ്ങൾ അനുഭവിക്കുന്നുണ്ട്. ഇന്നു നാം അനുഭവിക്കുന്ന സകലവിധ ദോഷങ്ങളും (രോഗങ്ങളും വേദനകളും എല്ലാം) പാപത്തിന്റെ ഫലങ്ങൾ മാത്രമാണ്. പാപിയായ മനുഷ്യനെ സംബന്ധിച്ചിടത്തോളം മരണത്താൽ ലോകത്തിലെ ജീവിതത്തിന് അവസാനം ഉണ്ടായാലും അതുകൊണ്ടും ദോഷം അവസാനിക്കുന്നില്ല. തുടർന്നുണ്ടാകുന്ന രണ്ടാം മരണം എന്ന ശിക്ഷാവിധി അവനായി കാത്തിരിക്കുന്നു. ഈ നിത്യശിക്ഷാവിധി സംബന്ധമായി ഒട്ടനവധി മുന്നറിയിപ്പുകൾ ദൈവവചനത്തിലുണ്ട് (ലൂക്കൊസ് 16:19-31).

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നത് ഇത്ര ഭയങ്കരമായ ശിക്ഷാവിധിയിൽനിന്നു നമ്മെ വിടുവിക്കുന്നതിനാണ്. യേശുക്രിസ്തു ദൈവത്താൽ നിയമിക്കപ്പെട്ട ഏകരക്ഷിതാവാണ് (അ.പ്ര. 4:12). കർത്താവായ യേശു എല്ലാറ്റിൽനിന്നും "പൂർണ്ണമായി രക്ഷിക്കാൻ പ്രാപ്തനാകുന്നു" (എബ്രാ. 7:25).

## യേശുക്രിസ്തു

- വിശുദ്ധപ്രജയായി ജനിച്ചു (ലൂക്കൊസ് 1:35).
- പാപരഹിതനായി ജീവിച്ചു (1 യോഹ. 3:5).
- ലോകത്തിന്റെ പാപത്തെ ചുമന്നു (യോഹ. 1:29).
- സ്വന്തയാഗത്താൽ പാപപരിഹാരം വരുത്തി (എബ്രാ. 9:26).
- നമ്മുടെ നീതീകരണത്തിനായി ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ ജീവിക്കുന്നു (റോമർ 4:24).

അങ്ങനെ നമ്മുടെ സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവണ്ണം നീതിമാനും വിശ്വസ്തനും ആയി പിതാവിന്റെ സന്നിധിയിൽ ജീവിക്കുന്ന യേശുക്രിസ്തു ഉള്ളതുകൊണ്ടു നമുക്കു പാപമോചനം ലഭ്യമായിരിക്കുന്നു.

"മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അ.പ്ര. 4:12).

## ദൈവം മനുഷ്യനായി ഒരുക്കിയ രക്ഷാമാർഗ്ഗം

പാപിയായ മനുഷ്യനെയും ദൈവം അത്യധികം സ്നേഹിക്കുന്നതിനാൽ അവൻ നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനായി ഒരു രക്ഷാമാർഗ്ഗം ഒരുക്കിയിരിക്കുന്നു. യേശുക്രിസ്തു ഭൂജാതനായപ്പോൾ ശിശുവായ കുഞ്ഞിനെ കണ്ടതായ പ്രവാചകൻ ശിമ്യോൻ, “ദൈവം തന്റെ കൃപയാൽ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയ രക്ഷയെ കണ്ടു” എന്നു പറഞ്ഞു ദൈവത്തെ സ്തുതിച്ചു (ലൂക്കൊസ് 2:31). ഈ ക്രിസ്തുവാണു പാപികളുടെ രക്ഷകൻ, ഏകരക്ഷിതാവ്; മനുഷ്യരുടെ രക്ഷയ്ക്കായി ദൈവം ഭൂമിയിലേക്ക് അയച്ച രക്ഷകൻ.

രക്ഷ ആവശ്യമാണ് എന്ന കാര്യത്തിൽ എല്ലാ മതങ്ങളും സമ്മതിക്കുമ്പോഴും സൽപ്രവൃത്തികളാൽ രക്ഷ പ്രാപിക്കാം എന്നാണ് മിക്ക മതങ്ങളും പഠിപ്പിക്കുന്നത്. എന്നാൽ ദൈവം അക്കാര്യം അംഗീകരിക്കുന്നില്ല; തിരസ്കരിക്കയും ചെയ്യുന്നു.

മനുഷ്യർ സ്വതവെ സൽപ്രവൃത്തികൾ മാത്രം ചെയ്തു ജീവിക്കാൻ കടപ്പെട്ടവരായിരിക്കെ താൻ ചെയ്ത പാപത്തിന് അവ പരിഹാരമായി വരാൻ കഴിയില്ല. എത്ര അധികം നന്മ ചെയ്ത മനുഷ്യനും തെറ്റു ചെയ്താൽ കോടതി ശിക്ഷ വിധിക്കുന്നു എന്നത് ഇന്നു നാം അംഗീകരിക്കുന്ന പ്രമാണമാണ്.

നാം സൽപ്രവൃത്തികൾ ചെയ്യുമ്പോൾ നാം ചെയ്യേണ്ടതു ചെയ്യുന്നു എന്നല്ലാതെ അതിൽത്തന്നെ മഹിമ ഒന്നും ഇല്ല. അവ നാം ചെയ്ത തെറ്റിനു പരിഹാരം ആകയും ഇല്ല.

യെഹൂദന്മാരുടെ മദ്ധ്യേ പരിച്ഛേദന ഏല്ക്കാതെ പാപപരിഹാരം ലഭിക്കയില്ല എന്നൊരു തെറ്റിദ്ധാരണ ഒന്നാം നൂറ്റാണ്ടിൽ നിലവിലുണ്ടായിരുന്നു. അതിനു സമാന്തരമായി മാമോദീസ മൂലം പാപമോചനം ലഭിക്കും എന്ന ഒരു തെറ്റിദ്ധാരണ ഇക്കാലത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലുണ്ട്. അതു തെറ്റാണ്; ദൈവികപ്രമാണത്തിനു വിരുദ്ധവും ആണ്.

മരണാനന്തരം ചെയ്യുന്ന പ്രാർത്ഥനകൾ, കർമ്മങ്ങൾ, കൂദാശകൾ എന്നിവ മരിച്ചവർക്കു രക്ഷാകാരണം ആയി ഭവിക്കും

എന്ന മിഥ്യാധാരണയും വിവിധ മതവിശ്വാസികളുടെ ഇടയിൽ നിലവിലുണ്ട്. ഇതു തികച്ചും അബദ്ധമാണ്. ഒരുവൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ പാപമോചനം പ്രാപിക്കണം. മരണാനന്തരം മറ്റുള്ളവർ അവർക്കുവേണ്ടി ചെയ്യുന്ന കർമ്മങ്ങൾക്കൊണ്ടു ദൈവം മരിച്ചയാളിനു മോചനം കൊടുക്കും എന്ന ചിന്ത ദൈവത്തെ ചെറുതായി കാണുന്നതിനു തുല്യമാണ്. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" എന്നാണു ദൈവവചനം (2 കൊരി. 5:10).

നാം ഈ ലോകജീവിതത്തിൽ എന്തെല്ലാം നേടിയാലും ആത്മരക്ഷ നേടുന്നില്ല എങ്കിൽ അതു വലിയ നഷ്ടം തന്നെ ആയിരിക്കും (മർക്കൊസ് 8:36). ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ അതിനുള്ള പ്രത്യാഘാതത്തിൽനിന്നും നാം എങ്ങനെ രക്ഷപ്പെടും (എബ്രാ. 2:4).

പാപിയായ മനുഷ്യൻ നിത്യനരകത്തിൽ നശിക്കാനിടയാകുന്നതിന്റെ കാരണം അവൻ പാപം ചെയ്തു എന്നതു മാത്രമല്ല, അതിൽനിന്നും രക്ഷ പ്രാപിക്കാനായി ദൈവം ഒരുക്കിയ വഴി തിരസ്കരിച്ചതും കാരണമാണ്.

സുവിശേഷം കേട്ടിട്ടും അതിന് അനുകൂലമായി പ്രതികരിക്കാതിരിക്കുമ്പോൾ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തെ തിരസ്കരിക്കയത്രേ ചെയ്യുന്നത്. അങ്ങനെ ചെയ്താൽ എന്തു സംഭവിക്കും എന്നും വചനം വ്യക്തമാക്കുന്നുണ്ട്.

"സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സ. 1:10). ഇതു ദൈവത്തിന്റെ അരുളപ്പാട് ആകുന്നു.

## ആത്മരക്ഷ പ്രാപിക്കാൻ എന്തു ചെയ്യണം?

നാം പാപികളായി ജനിച്ചവരും ജീവിച്ചവരും ആണ്. അതിനാൽ ദൈവശിക്ഷയായ രണ്ടാം മരണം എന്ന നിത്യശിക്ഷാ

വിധിക്കു യോഗ്യരും ആണ്. അതിൽനിന്നും നമ്മെ രക്ഷിക്കാനായി ദൈവപുത്രനായ യേശുക്രിസ്തു ഭൂമിയിൽ വന്നു നമ്മുടെ പാപശിക്ഷ ഏറ്റെടുത്തു പാപപരിഹാരത്തിനുള്ള യാഗമായി മരിച്ചു രക്ഷാമാർഗ്ഗം ഒരുക്കി. നമുക്കു സൽപ്രവൃത്തികളാൽ നേടാൻ കഴിയാത്ത "രക്ഷ" ഇന്നു യേശുക്രിസ്തു ദാനമായിത്തരുന്നു. അതു നാം എല്ലാവരും ദാനമായി സ്വീകരിച്ചു പാപക്ഷമ പ്രാപിച്ചു നിത്യജീവൻ പ്രാപിക്കണം എന്നും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. എങ്ങനെയാണു നമുക്ക് ഈ രക്ഷ ദൈവത്തിൽനിന്നും സ്വീകരിക്കുവാൻ കഴിയുക?

അതിനുള്ള ആദ്യപടി, ഞാൻ പാപിയാണ് എന്നു ദൈവത്തോട് അനുതാപത്തോടെ സമ്മതിക്കയാണ്. നാം പാപം ചെയ്തതിനാൽ നരകശിക്ഷയ്ക്കു യോഗ്യരാണ് എന്നു ദൈവത്തോടു സമ്മതിച്ചേറ്റുപറയുക. രണ്ടാമത്, നമ്മെ രക്ഷിക്കാനായി ക്രൂശിൽ മരിച്ച യേശുക്രിസ്തു നമ്മെ രക്ഷിക്കാൻ പ്രാപ്തനാണ് എന്നു ഹൃദയത്തിൽ വിശ്വസിക്കുക. തുടർന്ന്, നമുക്കുവേണ്ടി മരിക്കയാൽ നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തിയ യേശുക്രിസ്തുവിൽ പൂർണ്ണമായും വിശ്വസിച്ചു സ്വയം സമർപ്പിക്കുക. നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായ യേശുക്രിസ്തുവിനെ നമ്മുടെ കർത്താവായി ഹൃദയത്തിൽ സ്വീകരിക്കയും ജീവിതത്തിന്റെ കർത്താവായി അധരംകൊണ്ട് ഏറ്റുപറയുകയും ചെയ്യുക. അപ്പോൾ യേശുക്രിസ്തു നമ്മുടെ പാപത്തെ ക്ഷമിക്കും. അങ്ങനെ നാം രക്ഷിക്കപ്പെട്ട് (റോമർ 10:9–13) ദൈവമക്കളായിത്തീരും (യോഹ. 1:12). അപ്പോൾ നാം പുതുതായി ജനിച്ച് (യോഹ. 3:3) പുതിയ സൃഷ്ടിയായിത്തീരും. ക്രിസ്തു നമ്മുടെ ഉള്ളിൽ വരികയും (വെളി. 3:20) ജീവിതത്തിന്റെ കർത്തൃത്വം ഏറ്റെടുക്കയും ചെയ്യും.

ഇക്കാര്യങ്ങളിലെല്ലാം നമ്മുടെ ചിന്തയുടെയോ വിശ്വാസത്തിന്റെയോ പേരിൽ ചെയ്യുന്ന ആചാരപരമായ നടപടിക്രമങ്ങളല്ല പ്രധാനമായിരിക്കുന്നത്. പാപബോധം, യേശുക്രിസ്തുവിലുള്ള ആശ്രയം, വിശ്വാസം, യേശുവിനെ കർത്താവായി ഹൃദയത്തിൽ സ്വീകരിച്ച് അനുസരിച്ചു ജീവിക്കാനുള്ള നിർണ്ണയം

എന്നിവയിലുള്ള ആത്മാർത്ഥതയാണു പ്രധാനം. ആത്മാർത്ഥമായ ആഗ്രഹവും നിർണ്ണയവും ഉണ്ട് എങ്കിൽ നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചവനായ യേശുക്രിസ്തു പരിശുദ്ധാത്മപ്രവർത്തനത്താൽ എല്ലാം പൂർത്തീകരിച്ചുകൊള്ളും.

ഇക്കാര്യം സാദ്ധ്യമാകുന്നതിന് ഏറ്റവും പറ്റിയ സമയം ഇന്ന്, ഇപ്പോൾത്തന്നെയാണ്. "ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം" (2 കൊരി. 6:2). ഇന്ന്, ഇപ്പോൾ നമുക്കു ലഭ്യമായ അവസരമാണ്. നാളെ എന്ത് എന്നു നാം അറിയുന്നില്ല. ഇന്നലെ രക്ഷിക്കപ്പെടാമായിരുന്നു എന്നു വിചാരിച്ചാൽ പ്രയോജനം ഒന്നും ഇല്ല. നാളെ ആകാം എന്നു ചിന്തിച്ചാൽ അതു സാദ്ധ്യമാകണം എന്നില്ല.

ഈ തീരുമാനം എടുക്കുന്നതിൽ മറ്റു മനുഷ്യരുടെ സമ്മതവും സഹായവും ആവശ്യമില്ല. നിങ്ങളും ദൈവവും തമ്മിലുള്ള കാര്യമാണ്. ഇന്നു പരിശുദ്ധാത്മാവു നിങ്ങളുടെ ഹൃദയത്തിൽ തരുന്ന പ്രേരണയോട് അനുസരണഭാവം കാണിക്കുക, അനുതപിക്കുക, പാപക്ഷമയ്ക്കായി യാചിക്കുക, യേശുവിനെ രക്ഷിതാവായി കർത്താവായി ഹൃദയത്തിൽ സ്വീകരിക്കുക. അങ്ങനെ ചെയ്താൽ ഇന്ന്, ഇപ്പോൾത്തന്നെ നിങ്ങൾ പാപമോചനം നേടിയ, പുതുതായി ജനിച്ച, നിത്യജീവൻ പ്രാപിച്ച ദൈവമകനായിത്തീരും.

## 2. സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം

രക്ഷിക്കപ്പെടുമ്പോൾ ഒരുവൻ വീണ്ടും ജനിച്ചു ദൈവമകനാകുന്നു (യോഹ. 1:12,13). എന്നാൽ അപ്പോൾ പുതുതായി ജനിച്ച ശിശു മാത്രം ആകുന്നു. ശിശു വളരണം; വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിക്കണം (1 പത്രൊസ് 2:1,2). ശിശുവിനു പരിപാലനം ആവശ്യമാണ്. ദൈവമക്കളുടെ കൂട്ടമായ സ്ഥലംസഭയിൽനിന്നും ആവശ്യമായ പരിചരണം ലഭിക്കണം.

ഒരു ദൈവപൈതൽ സത്യത്തിന്റെ പരിജ്ഞാനത്തിൽ വളരുക ആവശ്യമാണ്. "സത്യത്താൽ അവരെ വിശുദ്ധീകരി

ക്കണമേ; നിന്റെ വചനം സത്യമാകുന്നു" (യോഹ. 17:17) എന്നു യേശുക്രിസ്തു പ്രാർത്ഥിച്ചു. ശരീരവളർച്ചയ്ക്കു ഭക്ഷണം ആവശ്യമാണ്. കലർപ്പില്ലാത്തതും പോഷണങ്ങൾ അടങ്ങി യതുമായ ഭക്ഷണംതന്നെ ആവശ്യമാണ്. അതുതന്നെ ദൈവ സംബന്ധമായ വളർച്ചയ്ക്കും ആവശ്യമാണ്. എന്നാൽ ദൈവ വചനത്തിൽ മായം ചേർക്കുന്നതിനും ദൈവമക്കളെ വഴി തെറ്റിക്കുന്നതിനും പിശാച് ശ്രമിക്കുന്നുണ്ട്. അതിനാൽ ദൈവ മക്കൾ സത്യമായ പഥ്യോപദേശം തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കുക ആവശ്യമായിരിക്കുന്നു.

ദൈവവചനം ഒരു ദൈവമകനെ ആത്മസംബന്ധമായി ജ്ഞാനിയാക്കുകയും പ്രായോഗികജീവിതത്തിൽ സൽപ്രവൃ ത്തികളിൽ വളരുവാൻ സഹായിക്കുകയും ചെയ്യുന്നു. അതു കൊണ്ട് നാം സത്യവചനത്തെ പ്രസംഗിക്കുന്നവർക്കു മാത്രം ചെവികൊടുക്കുകയും കേൾക്കേണ്ടതു മാത്രം കേൾക്കുകയും ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കുക ആവശ്യമായിരിക്കുന്നു. ഇക്കാര്യം സാദ്ധ്യമായിത്തീരുന്നതു പ്രാദേശികസഭയിൽ ക്കൂടിയാണ്. അതാണു ദൈവം നിയമിച്ചിരിക്കുന്ന മാർഗ്ഗം.

## സ്നാനം

രക്ഷിക്കപ്പെട്ട വ്യക്തി സ്നാനപ്പെടണം എന്നതു ദൈവ കല്പനയാണ്. വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തിയും തന്റെ കല്പനകൾ അനുസരിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് ശിഷ്യന്മാരാക്കിത്തീർക്കണം എന്നു യേശുക്രിസ്തു ശിഷ്യന്മാരോടു കല്പിച്ചു.

യേശുവിന്റെ ശിഷ്യന്മാർ സുവിശേഷം പ്രസംഗിക്കുകയും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുകയും തുടർന്ന് സഭയിൽ വച്ച് ഉപദേശിക്കുകയും ചെയ്തു (അ.പ്ര. 2:41,42).

ഇന്നു യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർ സ്നാനസംബന്ധമായിട്ടുള്ള കല്പനയും അനുസരിക്കേണ്ട താണ്. സ്നാനം രക്ഷിക്കപ്പെടുവാനായിട്ടല്ല എങ്കിലും, വിശ്വ സിക്കുന്നു എന്നു പറയുന്നതിന്റെ സാക്ഷ്യവും പ്രതികരണവും ആണ്.

# സഭ ഒരു ആത്മിക കുടുംബം

**ദൈവസഭ**

ഒരു ദൈവമകൻ സത്യത്തിന്റെ പരിജ്ഞാനത്തിൽ വളരണം എന്നതാണു ദൈവേഷ്ടം. അതിനായി ദൈവവചനം നിർദ്ദേശിക്കുന്നത് ദൈവമകനായിത്തീർന്നതായ ശിശു "സത്യത്തിന്റെ തൂണും അടിസ്ഥാനവും ആയ ജീവനുള്ള ദൈവത്തിന്റെ ആലയമായ സഭയോട്" (1 തിമൊ. 3:15) സജീവബന്ധം പുലർത്തണം എന്നത്രേ.

മക്കൾ ജനിക്കുന്നതിനും വളരുന്നതിനും ദൈവം സ്ഥാപിച്ചിട്ടുള്ള സംവിധാനമാണു കുടുംബം. അതുപോലെതന്നെ വീണ്ടും ജനിച്ച അഥവാ രക്ഷിക്കപ്പെട്ട ദൈവമക്കൾ സത്യത്തിന്റെ പരിജ്ഞാനത്തിൽ വളരുന്നതിനു ദൈവം സ്ഥാപിച്ചിട്ടുള്ള ഏകസ്ഥാപനമാണു സഭയാകുന്ന ആത്മിക കുടുംബം (1 കൊരി. 3:9; എഫെ. 2:19; 1 പത്രൊസ് 2:5).

സഭ എന്നതു രണ്ട് അർത്ഥത്തിൽ പറയാം. ഒന്നാമത്തേത്, കാലാകാലങ്ങളിൽ രക്ഷിക്കപ്പെട്ട (ഇതുവരെ രക്ഷിക്കപ്പെട്ടവരും ഇനി രക്ഷിക്കപ്പെടാനിരിക്കുന്നവരും ഉൾപ്പെട്ട) എല്ലാവരും ചേർന്ന് ഇനിയും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന യേശുക്രിസ്തുവിന്റെ ശരീരമായ സഭ. പെന്തെക്കൊസ്തുമുതൽ സഭയുടെ ഉൽപ്രാപണംവരെയുള്ള കാലഘട്ടങ്ങളിൽ രക്ഷിക്കപ്പെടുന്ന എല്ലാവരും ഈ സഭയിൽ ഉൾപ്പെടും. ഇന്ന് ഈ സഭയുടെ ഒരു ഭാഗം സ്വർഗ്ഗത്തിലും മറ്റൊരു ഭാഗം ഭൂമിയിലും ആയിരിക്കും. ഈ സഭയെ അദൃശ്യസഭ എന്നു പറയുന്നു.

രണ്ടാമത്തേത്, അതാതു കാലത്തും സ്ഥലത്തും രക്ഷിക്കപ്പെട്ട ദൈവജനം ഒരുമിച്ചു ദൈവവചനാടിസ്ഥാനത്തിൽ ദൈവത്തെ സേവിച്ചും ആരാധിച്ചും പോകുന്നവരുടെ കൂട്ടമായ

സ്ഥലംസഭ. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സഭാ സത്യങ്ങളിലധികവും ഇത്തരത്തിൽപ്പെട്ട സ്ഥലംസഭക ളോടുള്ള ബന്ധത്തിലാണ്. ഓരോ സ്ഥലംസഭയും കർത്താ വിന്റെ വകയാണ് (1 കൊരി. 11:16; ഗലാ. 1:22; റോമർ 16:16). സത്യത്തിന്റെ തൂണും അടിസ്ഥാനവും സഭയാണ്. അതിൽ ഓരോരുത്തരും തനിക്കു ബോധിച്ചതുപോലെ നടന്നുകൂടാ. അത് എങ്ങനെ വേണം എന്ന കാര്യം വ്യക്തമായി എഴുതി ത്തന്നിട്ടുണ്ട് (1 തിമൊ. 3:15).

## വിവിധ സഭാവിഭാഗങ്ങൾ

ഇക്കാലത്ത് വളരെയധികം സഭാവിഭാഗങ്ങൾ ഉണ്ട് എന്നത് ഒരു വാസ്തവം ആണ്. അതിനാൽ ഒരു ദൈവപൈതൽ ബന്ധം പുലർത്തുവാനായി ഒരു സ്ഥലംസഭയെ തിരഞ്ഞെടുക്കുമ്പോൾ വളരെയധികം ശ്രദ്ധ ആവശ്യമായിരിക്കും. ഒരു ദൈവ പൈതലിന്റെ ബന്ധം പ്രധാനമായും ഒരു സ്ഥലംസഭയോടാണ്, ഒരു സഭാവിഭാഗത്തോടല്ല. അത് ഏതെങ്കിലും ഒരു സ്ഥലംസഭ ആകാൻ പാടില്ല; ദൈവവചനാനുസൃതമായി മാത്രം പഠിപ്പി ക്കുകയും ജീവിക്കുകയും ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തുന്ന സഭയോടായിരിക്കണം.

കർത്താവിന്റെ സഭയുടെ വിശ്വാസസത്യങ്ങളും ഉപ ദേശങ്ങളും ആചാരാനുഷ്ഠാനങ്ങളും സംബന്ധിച്ചു വ്യക്തമായ നിർദ്ദേശങ്ങൾ വചനത്തിലുണ്ട്. ഒരു സത്യാന്വേഷി അവ്യക്തത യിൽ തപ്പിത്തടയേണ്ട ആവശ്യമില്ല. എല്ലാ കാര്യങ്ങളും ദൈവ വചനം പരിശോധിച്ച് അതിൻപ്രകാരംതന്നെ എന്ന് ഉറപ്പു വരുത്തുക ആവശ്യമായിരിക്കുന്നു.

ദൈവവചനം മാത്രം അടിസ്ഥാനപ്രമാണമായി സ്വീകരി ക്കാത്ത സഭാവിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു വ്യക്തി രക്ഷിക്ക പ്പെട്ടാൽ അത്തരം സഭയുമായിട്ടുള്ള ബന്ധം വിട്ടു ദൈവവചന പ്രകാരംതന്നെ ആയിരിക്കാൻ ശ്രദ്ധിക്കുന്ന സ്ഥലംസഭയോടു ചേരണം. സത്യത്തിന്റെ പരിജ്ഞാനത്തിൽ വളരുന്നതിന് ഇത് അനിവാര്യമാണ്.

# ദൈവവചനാനുസരണമുള്ള സ്ഥലംസഭകളുടെ പ്രത്യേകതകൾ

**1. രക്ഷിക്കപ്പെട്ടവർ മാത്രം സഭാംഗങ്ങൾ എന്ന പ്രമാണം അംഗീകരിക്കുന്നു (അ.പ്ര. 2:47):** ക്രിസ്തീയ മാതാപിതാക്കൾക്കു ജനിച്ചു വളർത്തപ്പെടുന്നതിനാലും ക്രിസ്തീയ സ്നാനം ഏറ്റു എന്നതിനാലും സഭാംഗമാകുന്നു എന്ന ധാരണ ശരിയല്ല. യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ചു ദൈവമക്കൾ ആകുന്നവർ മാത്രമാണു ദൈവഭവനമാകുന്ന സഭയിലെ അംഗങ്ങളും അവകാശികളും.

**2. രക്ഷിക്കപ്പെട്ടവരുടെ വിശ്വാസസ്നാനത്തിൽ വിശ്വസിക്കുന്നു:** സ്നാനം എന്നതു കർത്താവിന്റെ കല്പനയാണ് (മത്തായി 28:18–20; മർക്കൊസ് 16:16); അപ്പൊസ്തലിക മാതൃകയാണ് (അ.പ്ര. 2:41; 9:18; 10:48); അപ്പൊസ്തലിക ഉപദേശമാണ് (റോമർ 6:1–11; ഗലാ. 3:27; 1 പത്രൊസ് 3:21). ആദിമസഭയിൽ സ്നാനം എന്നത് ഒരു വ്യക്തിക്കു സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും സ്വാതന്ത്ര്യമുള്ള ഒരു വിഷയം ആയിരുന്നില്ല. അക്കാലത്തു രക്ഷിക്കപ്പെട്ടവർ എല്ലാവരും സ്നാനപ്പെട്ടു എന്നതാണു ചരിത്രം. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ. 14:15) എന്ന വചനപ്രകാരം വാസ്തവമായി യേശുവിൽ വിശ്വാസം അർപ്പിക്കുന്നവർ അവന്റെ കല്പനയായി സ്നാനജലത്തിൽ സാക്ഷീകരിക്കുകയും ചെയ്യും. അതേസമയം രക്ഷിക്കപ്പെടാത്തവർ സ്നാനപ്പെട്ടതുകൊണ്ട് ഒരുവിധ നന്മയും ഉണ്ടാകാനില്ല. ദോഷത്തിനുള്ള സാദ്ധ്യതകൾ ഉണ്ടുതാനും. സ്നാനം, സ്നാനപ്പെടുന്ന വ്യക്തി പാപത്തിനു മരിച്ച് അടക്കപ്പെട്ടു എന്നതിന്റെ പ്രതീകമാണ്. മരിച്ചവരെയാണു കുഴിച്ചിടുക. അല്ലാത്തവരെ കുഴിച്ചിടുവാൻ പാടില്ല.

**3. കർത്തൃമേശ അഥവാ തിരുവത്താഴശുശ്രൂഷ ആചരിച്ചു ദൈവത്തെ നമസ്കരിക്കുന്നു:** ഈ ആചരണം നമ്മുടെ രക്ഷിതാവിന്റെ കല്പനയുടെ അനുസരണം ആണ് (ലൂക്കൊസ് 22:19); അപ്പൊസ്തലിക മാതൃകയാണ് (അ.പ്ര. 2:42,46; 20:7); അപ്പൊസ്തലിക ഉപദേശവും ആണ് (1 കൊരി. 10:16; 11:23-32).

യേശുക്രിസ്തുവിന്റെ മരണത്താൽ വീണ്ടെടുക്കപ്പെട്ട ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം മറ്റു ദൈവമക്കളും ഒരുമിച്ചുകൂടി രക്ഷിതാവിനെയും താൻ നമുക്കുവേണ്ടി എന്തു ചെയ്തു എന്നതും ദൈവസ്നേഹം, ദൈവകൃപ എന്നിങ്ങനെ നാം അനുഭവിച്ചുവരുന്ന ദൈവിക നന്മകളും ധ്യാനിച്ചു ദൈവത്തെ സ്തുതിച്ചും ദൈവത്തിനു സ്തോത്രം ചെയ്തും ആരാധിക്കുന്നത് എത്രയും നല്ലതും അത്യുന്നതവുമായ ആത്മികാനുഭവമാണ്.

ഈ ശുശ്രൂഷയിൽ സംബന്ധിക്കുമ്പോൾ തന്നെത്താൻ ശോധന ചെയ്ത് തിരുത്തേണ്ടത് തിരുത്തിയും ദൈവത്തോടും മനുഷ്യരോടും നിരക്കാൻ ആവശ്യമുള്ളിടത്ത് നിരന്നും അതു ചെയ്യണം എന്നാണ് ദൈവവചനം അനുശാസിക്കുന്നത്. അതു വ്യക്തിയുടെയും സഭയുടെയും ആത്മികനവോത്ഥാനത്തിനും സന്തോഷത്തിനും പുരോഗതിക്കും അത്യന്തം ആവശ്യമത്രേ. അതിനാൽ ദൈവവചനാനുസാരമുള്ള സഭ തിരുവത്താഴ ശുശ്രൂഷ തികച്ചും ആത്മികശുശ്രൂഷയായി ആചരിക്കുന്നതിൽ ഉത്സാഹം കാണിക്കും.

തിരുവത്താഴം കേവലം ഒരു ആചരണം അല്ല. ആത്മാവിലും സത്യത്തിലും ദൈവമക്കൾ ദൈവത്തെ നമസ്കരിക്കുന്നതിലും വിശുദ്ധരായി ജീവിക്കുന്നതിലും പ്രത്യാശയുടെ സമൃദ്ധിയിൽ സാക്ഷ്യം വഹിക്കുന്നതിലും നിർണ്ണായക സ്വാധീനം ചെലുത്തുന്ന സുപ്രധാനമായ അനുഷ്ഠാനമാണ്.

**4. ക്രിസ്തീയസഭ ഒരു സംഘടന അല്ല, പ്രത്യുത അത് ഒരു ജീവൽഘടനയാണ് (Church is not an organisation but an organism):** സഭയ്ക്കു സംഘടനാപരമായ ക്രമീകരണങ്ങൾ ഉണ്ടാകുന്നതു വചനവിരുദ്ധമാണ്. ക്രിസ്തീയസഭയുടെ തല

ക്രിസ്തുവാണ്. സഭ ക്രിസ്തുവിന്റെ നാമത്തിൽ കൂടിവരികയും പരിശുദ്ധാത്മനിയന്ത്രണത്തിനു വിധേയപ്പെടുകയും ചെയ്യുന്നു. സഭയുടെ തലയായ ശിരസ്സിനെ മുറുകെപ്പിടിക്കുക എന്നതു വ്യക്തിപരമായും സഭയായും സാധിക്കേണ്ടതാണ് (മത്തായി 18:20; വെളി. 2:13; 3:8). സ്ഥലംസഭകൾ തമ്മിൽ കൂട്ടായ പ്രവർത്തനം, സ്നേഹത്തിന്റെ ഐക്യം മുതലായവ ആവശ്യ മാണ്. എന്നിരിക്കിലും അതിനപ്പുറത്തായ സംഘടനാപരമായ അധികാരകേന്ദ്രങ്ങൾ ഉണ്ടാകുന്നതു വചനവിരുദ്ധമാണ്. ഓരോ സ്ഥലംസഭയുടെയും തലവൻ യേശുക്രിസ്തു മാത്രമാണ്; കാര്യസ്ഥൻ പരിശുദ്ധാത്മാവും. പരിശുദ്ധാത്മനിയന്ത്രണവും യേശുക്രിസ്തുവിന്റെ കർത്തൃത്വവും പ്രായോഗികരംഗത്ത് ഉണ്ടായിരിക്കണം.

**5. എല്ലാറ്റിനും ദൈവവചനം അടിസ്ഥാനപ്രമാണമായി സ്വീകരിക്കുന്നു:** എല്ലാ ഉപദേശത്തിനും വചനം ആണ് അടി സ്ഥാനം. സഭാഘടന, കൃപാവരങ്ങൾ, സഭാഭരണം, സഭാ യോഗങ്ങൾ, സ്നാനം, വിശുദ്ധന്മാർ, മദ്ധ്യസ്ഥന്മാർ, പുരോ ഹിതന്മാർ തുടങ്ങി എല്ലാറ്റിനും വചനം തന്നെയാണു പ്രമാണം. തെറ്റായ രണ്ടു ചിന്താഗതികൾ ഈ ബന്ധത്തിൽ പ്രചരി ക്കുന്നുണ്ട്.

**a) ബൈബിളും പിതൃപാരമ്പര്യവും:** ബൈബിൾ സത്യ ങ്ങൾക്കു നിരക്കുന്ന പിതൃപാരമ്പര്യം സ്വീകാര്യമാണ്, അനു കരണീയവുമാണ്. എബ്രായർ 13:7 ൽ, “നിങ്ങളോടു ദൈവ വചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾ വിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ” എന്നു ദൈവാത്മാവ് പ്രബോധിപ്പിക്കുന്നുണ്ട്. എന്നാൽ ബൈബിൾ സത്യങ്ങൾക്കു നിരക്കാത്ത പിതൃ പാരമ്പര്യത്തെ “വ്യർത്ഥമായത്” എന്നാണു ദൈവവചനം ചൂണ്ടിക്കാണിക്കുന്നത്. “വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ ക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ

കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 പത്രൊസ് 1:18,19). വ്യർത്ഥമായ പാരമ്പര്യത്തെ പിൻപറ്റുന്നത് അപകടകരം തന്നെ.

**b) ബൈബിളും അനുഭവങ്ങളും:** വചനപ്രകാരമുള്ള അനുഭവത്തിനു വളരെ പ്രാധാന്യം ഉണ്ട്. ദൈവത്തിന്റെ വചനം ഒരു വ്യക്തിക്കു നിത്യജീവൻ നൽകാനും ആത്മിക തികവിലേക്കു നയിക്കാനും മതിയായതാണ്. വചനപ്രകാരമുള്ള ജീവിതാനുഭവങ്ങളിലൂടെയാണ് ഇതു സാധിക്കേണ്ടത്. നല്ലതെന്നു തോന്നുന്ന അനുഭവങ്ങൾത്തന്നെ പ്രമാണപ്രകാരമല്ലെങ്കിൽ ശിക്ഷാർഹമാണ് (സംഖ്യാ. 20:6-12). മോശെ പ്രമാണം തെറ്റിച്ചു പാറയെ രണ്ടു പ്രാവശ്യം അടിച്ചു എന്നിരിക്കിലും, വളരെ വെള്ളം പുറപ്പെട്ടു. ജനവും അവരുടെ കന്നുകാലികളും കുടിച്ചു. പക്ഷേ പ്രമാണം തെറ്റിച്ചതിനു മോശെ കനത്ത ശിക്ഷ ഏല്ക്കേണ്ടതായി വന്നു. വചനത്തിൽ അധിഷ്ഠിതമല്ലാത്ത അനുഭവങ്ങൾ അസ്വീകാര്യമാണ്.

സഭാസത്യങ്ങളുടെ ആത്യന്തികമായ രേഖ പുതിയനിയമത്തിലെ ലേഖനങ്ങളാണ്. "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" (എഫെ. 2:20). അപ്പൊസ്തലിക ഉപദേശമാണു സഭയുടെ കെട്ടുപണിക്ക് ആധാരം. "ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവകാലങ്ങളിൽ മനുഷ്യർക്ക് അറിയായ്‌വന്നിരുന്നില്ല" (എഫെ. 3:5). 1 തിമൊ. 3:15; 2 തെസ്സ. 2:15 വേദഭാഗങ്ങളും ഈ സത്യത്തെ ദൃഢീകരിക്കുന്നുണ്ട്.

യേശുക്രിസ്തു മാത്രമാണ് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥൻ എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ (1 തിമൊ. 2:5) മറ്റു മദ്ധ്യസ്ഥന്മാരെ ആരെയും നമുക്കു സ്വീകരിക്കാനാവില്ല. സഭാംഗങ്ങൾ എല്ലാവരും പുരോഹിതശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവരാണ് (1 പത്രൊസ് 2:9; വെളി. 1:6; 5:9,10) എന്നു വചനം പറയുന്നതിനാൽ 'പുരോഹിതന്മാർ'

എന്ന പട്ടക്കാരുടെ അവകാശവാദം അംഗീകരിക്കുന്നില്ല. നാം ഓരോരുത്തരും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിനു തക്കവണ്ണം പ്രാപിക്കും എന്നു വചനം പഠിപ്പിക്കുന്നതിനാൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ല; കർമ്മങ്ങൾ ചെയ്യുന്നില്ല.

**6. ദൈവവചനപ്രകാരം എല്ലാ ദൈവമക്കളും പുരോഹിതന്മാരാണ്:** എല്ലാവർക്കും തനിയെ ദൈവത്തെ ആരാധിക്കാം. മഹാപുരോഹിതൻ യേശുക്രിസ്തുവും ദൈവമക്കളെല്ലാവരും പുരോഹിതന്മാരും ആണ് എന്നാണു ദൈവവചനം അനുശാസിക്കുന്നത് (1 പത്രൊസ് 2:9; വെളി. 5:9,10). അതിനാൽ ഏതൊരു ദൈവമകനും സ്വന്ത ആവശ്യത്തിനായും ദൈവത്തെ ആരാധിക്കുന്നതിനും ദൈവസന്നിധിയിൽ പ്രവേശനം ഉണ്ട്. അന്യോന്യം പ്രാർത്ഥനയിൽ വഹിക്കുന്നത് ആവശ്യമാണ് എങ്കിലും ദൈവത്തെ സമീപിക്കുന്നതിനു മറ്റു മനുഷ്യരുടെ സഹായം ആവശ്യമില്ല.

**7. പരിശുദ്ധാത്മപരിപാലനത്തിലും നടത്തിപ്പിലും വിശ്വസിക്കുന്നു:** സ്വന്ത ബുദ്ധി ദൈവവചനപഠനത്തിനും ജീവിതവഴി തിരഞ്ഞെടുക്കുന്നതിനും ഉപയോഗിക്കുമ്പോഴും ആത്യന്തികമായി നമ്മുടെ കാര്യസ്ഥനും പരിപാലകനും ആയ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനും പരിപാലനത്തിനും വിധേയപ്പെട്ടു ജീവിക്കുന്നു. ഈ കാര്യം സഭയുടെ പ്രവർത്തനത്തിലും വ്യക്തിയുടെ പ്രവർത്തനത്തിലും ഒരുപോലെ പ്രധാനമായി സ്വീകരിക്കുന്നു.

സഭയുടെ വികാരിയായ പരിശുദ്ധാത്മാവ് തന്റെ ഹിതപ്രകാരം ആത്മവരങ്ങൾ പകുത്തുകൊടുക്കുന്നു (1 കൊരി. 12:11). ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നെ ആവശ്യമുള്ളവയാകുന്നു എന്നു വായിക്കുന്നതുപോലെ, എല്ലാ സഭാംഗങ്ങൾക്കും കൃപാവരങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. തങ്ങൾക്കു ലഭിച്ചിട്ടുള്ളത് സഭയുടെ പൊതുപ്രയോജനത്തിനായി ഉപയോഗിക്കാൻ കഴിയണം.

വരങ്ങളുടെ പട്ടികയിൽ കാണുന്ന അടയാളവരങ്ങൾ (അന്യഭാഷ, ഭാവികളുടെ വ്യാഖ്യാനം, രോഗശാന്തി, വീര്യ പ്രവൃത്തികൾ) തിരുവചനസത്യങ്ങൾ വെളിപ്പെട്ടുകൊണ്ടിരുന്ന സഭയുടെ പ്രാരംഭനാളുകളിൽ വചനത്തെ ഉറപ്പിക്കേണ്ടതിനായി നല്കപ്പെട്ടതാണ് (മർക്കൊസ് 16:17–20; എബ്രാ. 2:3). തിരുവെഴുത്തുകളുടെ പൂർത്തീകരണത്തിലേക്കു വന്നതോടെ ഈ വരങ്ങൾ അപ്രസക്തങ്ങളായി (1 കൊരി. 13:8–13). അപ്പൊസ്തലനായ പൗലൊസിന്റെ ശുശ്രൂഷാജീവിതം ഈ സത്യത്തെ വ്യക്തമാക്കുന്നുണ്ട്. പൗലൊസ് അപ്പൊസ്തലൻ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിച്ചിട്ടുണ്ട് (അ.പ്ര. 19:11,12; 28:8,9). തന്റെ ജീവിതസായാഹ്നത്തോടടുക്കുമ്പോൾ സാരമായ വ്യത്യാസം നാം കാണുന്നു. തന്റെ കൂട്ടുവേലക്കാരനായിരുന്ന എപ്പഫ്രൊദിത്തൊസിനു ലഭിച്ച സൗഖ്യത്തെക്കുറിച്ചു വിശദീകരിക്കുമ്പോൾ പ്രാർത്ഥനയ്ക്ക് ഉത്തരമായി ലഭിച്ച കരുണയായിരുന്നു എന്നാണു കാണുന്നത് (ഫിലി. 2:25–27). “ത്രൊഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോന്നു” എന്നാണ് 2 തിമൊ. 4:20 ൽ വായിക്കുന്നത്. ഈ ലേഖനം തന്റെ ഒടുവിലത്തെ ലേഖനമായിരുന്നു എന്നുള്ളതു ശ്രദ്ധേയം തന്നെ. പ്രാർത്ഥനയ്ക്ക് ഉത്തരമായി ദൈവം ഇന്നും സൗഖ്യം നൽകും; അത്ഭുതകരമായ സൗഖ്യവും നൽകും. ഇതിൽ ‘വരപ്രാപ്തരുടെ’ പങ്ക് പ്രസക്തമല്ല.

ദൈവമക്കൾ വിശ്വാസത്തിൽ ഉറയ്ക്കുന്നതിനും, പ്രത്യാശയിൽ സമൃദ്ധിയുള്ളവരാകുന്നതിനും, സ്നേഹത്തിൽ വേരൂന്നി വർദ്ധിച്ചുവരുന്നതിനും ഉതകുന്ന കൃപാവരങ്ങൾ ദൈവം നല്കിയിട്ടുണ്ട്. അവ ഉന്നതഭാവം കൂടാതെ ഉപയോഗിച്ച് അന്യോന്യം ശുശ്രൂഷിക്കുന്നതിനു സാധിക്കണം.

പരിശുദ്ധാത്മാവ് പരിപാലനവരം നൽകി നിയമിക്കുന്ന മൂപ്പന്മാരാലാണ് ഓരോ സ്ഥലംസഭയും പരിപാലിക്കപ്പെടേണ്ടത്. മൂപ്പന്മാരുടെ യോഗ്യതകളും വേലയും തിരുവെഴുത്തു വ്യക്തമാക്കിയിരിക്കുന്നു എന്നുള്ളതിനാൽ, അവരെ അറിഞ്ഞ്, സ്നേഹത്തോടെ വിചാരിക്കുന്നതിനും അനുസരിക്കുന്നതിനും സഭാംഗങ്ങൾക്കു സാധിക്കും. ഈ ദൈവാധിപത്യവ്യവസ്ഥ

വിട്ടുള്ള മാനുഷിക ഭരണക്രമീകരണങ്ങൾ കർത്താവിന്റെ നാമത്തെ മുറുകെപ്പിടിക്കുന്നതിന് വിഘാതമായിത്തീരും. സ്ഥലംസഭകളുടെ നടുവിൽ, നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന ക്രിസ്തു മാത്രമേ നടക്കാവൂ.

**8. ദൈവത്തോടു കൂറു പുലർത്തുന്ന സഭ,** യേശുക്രിസ്തുവിന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും പ്രസംഗിക്കാനുള്ള കല്പന അനുസരിക്കുന്നതിൽ ജാഗരൂകരായിരിക്കും. രക്ഷിക്കപ്പെടുന്നവരെ മാത്രം സ്നാനപ്പെടുത്തുകയും അവർ കർത്താവിന്റെ സകല കല്പനകളും അനുസരിക്കുന്ന ശിഷ്യന്മാരായി വളരുവാൻ യത്നിക്കുകയും ചെയ്യും.

മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെടുന്ന വ്യക്തി സ്നാനപ്പെടണം എന്നതും സത്യമായി ദൈവവചനാനുസൃതമായ ഒരു സ്ഥലംസഭയോടു ചേർന്നുനിന്നു ദൈവത്തെ സേവിക്കയും ആരാധിക്കയും വേണം എന്നതും നാം ഓരോരുത്തരെക്കുറിച്ചുമുള്ള ദൈവേഷ്ടം ആണ്.

ഈ ഇഷ്ടം നിറവേറ്റുന്നതിൽ നാം ഓരോരുത്തരും ശ്രദ്ധിക്കുവാൻ ആവശ്യമാണ്. ആത്മാവ് പറയുന്നതു കേട്ട് അനുസരിക്കുന്നതിനു സാധിക്കണം. വചനം കൃത്യമായി ആചരിക്കേണ്ടതിനാണു കല്പിച്ചുതന്നിരിക്കുന്നത് (സങ്കീ. 119:4). കർത്താവായ യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ പറഞ്ഞ വാക്കുകൾ ഈ ബന്ധത്തിൽ ശ്രദ്ധേയമാണ്: “സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും” (മത്തായി 5:18,19). കർത്താവിന്റെ കാലത്തും ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ ആഗ്രഹിച്ചവർ വചനസത്യങ്ങളെ അവഗണിച്ചിട്ടുണ്ട്.

അറിഞ്ഞ വചനസത്യങ്ങളോട് അനുസരണക്കേടു കാണി ക്കാത്ത നല്ല മനഃസാക്ഷി സൂക്ഷിക്കുവാൻ സാധിക്കണം.

ദൈവവചനപ്രകാരമുള്ള ഒരു സ്ഥലംസഭയുടെ പ്രത്യേ കതകളാണു നാം പ്രധാനമായും ചിന്തിച്ചത്. ദൈവവചന പ്രമാണങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് ഒരു സ്ഥലംസഭയ്ക്കു സാക്ഷ്യം വഹിക്കുവാൻ സാധിക്കുമോ? നിശ്ചയമായും സാധിക്കും. വെളി. 3:8 ൽ കർത്താവു ഫിലദെൽഫ്യസഭയെ പ്രശംസിക്കുന്ന വാക്കുകൾ ഈ സത്യം വെളിപ്പെടുത്തുന്നു: "നിനക്ക് അല്പമേ ശക്തിയുള്ളൂ എങ്കിലും നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചിട്ടില്ല." സംഖ്യാബലത്തിൽ അവർ ചെറിയ ആട്ടിൻകൂട്ടം തന്നെയായിരുന്നു; എന്നാൽ വചനം കാക്കുന്നതിൽ അവർ പ്രശംസിക്കപ്പെട്ടു. വചനത്തിൽ നിന്നുള്ള വ്യതിചലനം അവരിലും സംഭവിച്ചിട്ടുണ്ടായിരിക്കാം. അവർ മാനസാന്തരപ്പെടുന്നവരും പ്രമാണത്തിലേക്കു മടങ്ങി വരുന്നവരുമായിരുന്നു. സഭകളെ വചനത്തിൽനിന്നു വ്യതിചലി പ്പിക്കാൻ പിശാച് ശ്രമിക്കും. അതുകൊണ്ടു വചനം കാക്കു വാൻ ജാഗ്രത ആവശ്യമായിരിക്കുന്നു. ഇതിൽ പ്രാദേശിക സഭയിലെ ഇടയന്മാർക്കുള്ള ഉത്തരവാദിത്വം തീത്തൊസ് 1:9 ൽ വ്യക്തമാക്കപ്പെടുന്നുണ്ടല്ലോ: "പത്ഥ്യോപദേശത്താൽ പ്രബോധിപ്പിക്കാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന് ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപ്പിടിക്കുന്നവനും ആയിരിക്കണം." വെളി. 2–3 അദ്ധ്യായ ങ്ങളിൽ കാണുന്ന അഞ്ചു സ്ഥലംസഭകളെയും കർത്താവു കുറ്റ പ്പെടുത്തുമ്പോൾ, വചനത്തിൽനിന്നുള്ള വ്യതിചലനം ആയി രുന്നു അവരുടെ അടിസ്ഥാനപ്രശ്നം എന്നു കാണാം. കർത്താവ് അവരോടു സംസാരിക്കുന്നു, മാനസാന്തരത്തിനു സമയം കൊടുക്കുന്നു എന്നുള്ളതു നിശ്ചയമായും ദൈവകൃപ യാണ്. മാനസാന്തരവും മടങ്ങിവരവും ഓരോ വ്യക്തികളി ലാണു സംഭവിക്കേണ്ടത്. "ആത്മാവു സഭകളോടു പറയുന്നത് എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ" (വെളി. 2:7).

വ്യക്തികളിൽ വചനപ്രകാരം ഉണ്ടാകുന്ന മാനസാന്തരവും മടങ്ങിവരവും, സ്ഥലംസഭ വചനപ്രമാണങ്ങളിലേക്കു കൃത്യ

മായും ക്രമപ്പെടുത്തുന്നതിനു മുഖാന്തരമായിത്തീരണം. ഒരു സമുദായത്തിന്റെയോ, സംഘടനയുടെയോ ഭാഗമല്ലാത്ത വചന പ്രകാരമുള്ളൊരു സ്ഥലംസഭയിലേ ഇതു സാധിക്കുകയുള്ളൂ. അതുകൊണ്ടു തങ്ങളുടെ സ്ഥലംസഭാബന്ധം ദൈവവചനം മാത്രം പ്രമാണമായി സ്വീകരിച്ചു പ്രായോഗികമാക്കുന്ന സഭ യോട് ആയിരിക്കുക എന്നുള്ളതു സത്യത്തിന്റെ പരിജ്ഞാന ത്തിൽ വളരുന്നതിന് അനിവാര്യം തന്നെ.

ഇങ്ങനെയൊരു സ്ഥലംസഭാബന്ധത്തിനു സാദ്ധ്യത യില്ലാത്ത സാഹചര്യത്തിൽ എന്തു ചെയ്യാം എന്നുള്ളതു പ്രസക്തമായ ഒരു ചോദ്യമാണ്. ഏതെങ്കിലും ഒരു ക്രിസ്തീയ കൂട്ടത്തോടു ചേർന്നുപോയാൽ മതിയോ? നിശ്ചയമായും പോരാ! ദൈവം തന്റെ സഭയെ ഇന്നും പണിതുകൊണ്ടിരിക്ക യാണ്. സഭാപ്രമാണങ്ങളെ എഴുതിത്തന്നവൻ അതു പ്രായോഗികമാക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയോടു കൂടെയിരുന്നു പ്രവർത്തിക്കും. ദൈവവചനസത്യങ്ങളോട് അവിശ്വസ്തത കാണിച്ചുകൊണ്ടുള്ള അനുരഞ്ജനം, ദൈവത്തിനു പ്രസാദകരമാകയില്ല. ഒരു പ്രദേശത്ത് തന്റെ സഭയെ സ്ഥാപിക്കുന്നതിനുള്ള ആദ്യപടിയായി, തന്നെ രക്ഷിച്ച്, കർത്താവു സഭയോടു ചേർക്കുന്നതിനെ (അ.പ്ര. 2:47) മനസ്സിലാക്കി വിശ്വാസത്തോടും പ്രാർത്ഥനയോടുംകൂടെ സാക്ഷ്യം വഹിക്കുന്നതിനു സാധിക്കണം. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല'' എന്നു വാഗ്ദാനം ചെയ്ത കർത്താവു നല്കിയ നിയോഗവും വളർച്ചയും സഭാചരിത്ര ത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തിയാൽ, ഈ വസ്തുത വ്യക്തമായും ഉൾക്കൊള്ളുന്നതിനു സാധിക്കും.

പാപികളായ മനുഷ്യർ രക്ഷിക്കപ്പെട്ടു ദൈവമക്കളായി ത്തീരണമെന്നും, അവർ സത്യത്തിന്റെ തൂണും അടിസ്ഥാനവു മായ സ്ഥലംസഭയോടുള്ള സജീവബന്ധത്തിൽ സത്യത്തിന്റെ പരിജ്ഞാനത്തിൽ സാക്ഷ്യം വഹിക്കണമെന്നും ദൈവം ഇച്ഛി ക്കുന്നു. ഇക്കാര്യത്തിൽ ചില നിർണ്ണയങ്ങൾ വായനക്കാരിൽ ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

# ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. ഞാൻ ദൈവത്തിൽനിന്ന് ജനിച്ചിട്ടുണ്ടോ?
2. ഞാൻ എന്തു ചെയ്യണം?
3. പ്രാദേശിക സഭകൾ – പ്രമാണങ്ങളും പ്രായോഗിക സത്യങ്ങളും
4. വിശ്വാസിയിൽ പാപം
5. വിശ്വാസിയും സമ്പത്തും
6. തിരുവെഴുത്തിലേക്കു തിരിഞ്ഞുവരാം
7. ഭക്തിയുള്ള കുടുംബം
8. ദൈവേഷ്ടം ചെയ്യുവിൻ
9. കർത്താവിന്റെ കാര്യം നോക്കണം
10. ദൈവത്തിങ്കലേക്കു തിരിയുവിൻ
11. ക്രിസ്തു എന്നിൽ ജീവിക്കുന്നു
12. വിജയകരമായ സഭാജീവിതം
13. സൂക്ഷിച്ചുകൊൾവിൻ
14. ഇതാ സഹോദരന്മാർ
15. ഇതാ തനിച്ചുപാർക്കുന്നൊരു ജനം
16. ഉണർത്തപ്പെട്ട സഭ

കൂടുതൽ വിവരങ്ങൾക്ക്:

**MANNOOR CHURCH** (brethren)

**റ്റി. കെ. പൗലോസ്**

തട്ടായത്ത് വീട്, ഐരാപുരം പി. ഒ.

പിൻ – 683 541, ഫോൺ: 9947446810

**വി. പി. പൗലോസ്**

പ്രാർത്ഥനാലയം, പൂതൃക്ക

ഫോൺ: 9847536311

EBENEZER 0487 2360992